# മെത്രാപ്പോലീത്തായുടെ കത്ത്



## (ഒക്ടോബർ 2016)

**കർത്താവിൽ പ്രിയരേ,**

2015-16 ലെ സഭാപ്രതിനിധിമണ്ഡല വാർഷിക യോഗം സെപ്റ്റംബർ 15,16,17 തീയതികളിൽ അനുഗൃഹീതമായ രീതിയിൽ നടത്തപ്പെട്ടു. മണ്ഡലയോഗങ്ങളിൽ വ്യാപരിച്ച ദൈവകൃപയ്ക്കായി സ്തോത്രം കരേറ്റാം. മണ്ഡലയോഗങ്ങളുടെ ചരിത്രത്തിൽ ആദ്യമായി ഈ വർഷത്തെ മണ്ഡലയോഗത്തിൽ, ഒരു മണ്ഡലാംഗത്തിന്റെ അപേക്ഷപ്രകാരം തിരുവല്ല മുൻസിഫ് കോടതിയിൽ നിന്ന് യോഗനടപടികൾ വീക്ഷിക്കുന്നതിന് ഒരു അഡ്വക്കേറ്റിനെ നിയോഗിച്ചിരുന്നു. മാർത്തോമ്മാ സഭയുടെ ഭരണഘടനയ്ക്കു വിരുദ്ധമായി അനധികൃതമായി വിവാഹം ആശീർവദിച്ച ഒരു അൽമായ ശുശ്രൂഷകന്റെ പേരിൽ നിയമാനുസരണം ശിക്ഷണ നടപടികൾ സ്വീകരിച്ചതിനെ ചോദ്യം ചെയ്ത്, കോർട്ടിൽ നിന്ന് യോഗസ്ഥലത്ത് പ്രവേശിക്കുന്നതിനുള്ള നിർദ്ദേശം വാങ്ങിയ ഒരു വ്യക്തി കോടതിയുടെ നിർദ്ദേശപ്രകാരം മൂന്നു ദിവസത്തെ യോഗങ്ങളിലും പങ്കെടുത്തു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. പ്രാർത്ഥനയുടെ പിൻബലമാണ് സഭയുടെ ശക്തി. മണ്ഡലത്തിന്റെ സുഗമമായ നടത്തിപ്പിനായി അനേകർ പ്രാർത്ഥനയിൽ ജാഗരിക്കുന്നുണ്ടായിരുന്നു. ആ ദിനങ്ങളിൽ ഉപവാസമെടുത്തു പ്രാർത്ഥിച്ച ഭവനങ്ങളുണ്ടായിരുന്നു. സഭാനടപടികൾ ഭംഗിയായി നടത്തിക്കൊണ്ടുപോകുന്നതിൽ പ്രാർത്ഥനയുടെ ആത്മാവിൽ ശാന്തതയോടും ആത്മനിയന്ത്രണത്തോടും കൂടി സഹകരിച്ച് സഭയോടുള്ള സ്നേഹവും പ്രതിബദ്ധതയും വെളിപ്പെടുത്തിയ എല്ലാ മണ്ഡലാംഗങ്ങളോടുമുള്ള അഭിനന്ദനം അറിയിക്കുന്നു.

ബന്ധങ്ങൾക്ക് തേയ്മാനം സംഭവിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് ആധുനിക ലോകം കടന്നു പോകുന്നത്. സംസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും അയൽ രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലുമെല്ലാം ഈ രോഗാതുരതയുടെ ഗുരുതരമായ അവസ്ഥാവിശേഷങ്ങൾ നാം അനുദിനം കണ്ടുകൊണ്ടിരിക്കുന്നു. കാവേരി നദി ജലവിതരണവുമായി ബന്ധപ്പെട്ട് കർണ്ണാടകയും തമിഴ്നാടും തമ്മിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന രൂക്ഷമായ ഭിന്നത എത്രയും പെട്ടെന്നു പരിഹരിക്കുവാൻ കേന്ദ്രഗവൺമെന്റും ഇരു സംസ്ഥാനങ്ങളും ശ്രമിക്കേണ്ടതാണ്. അനുരഞ്ജനത്തിന്റെ പാത വെട്ടിത്തുറക്കുവാൻ ശ്രമിക്കേണ്ടതിനു പകരം വിദ്വേഷത്തിന്റെ കനലുകളാണ് നാം കോരിയിടാൻ ശ്രമിക്കുന്നതെങ്കിൽ അതിൽ നിന്നും പടരുന്ന തീ കെടുത്തുവാൻ പെട്ടെന്നു കഴിഞ്ഞെന്നു വരികയില്ല. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള ബന്ധം അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രങ്ങൾ തമ്മിലുള്ള പരസ്പര വിശ്വാസവും ആദരവും നേടിയെടുക്കുന്നതിലൂടെ മാത്രമേ അതിർത്തിയിലെ സംഘർഷം ലഘൂകരിക്കാൻ കഴിയുകയുള്ളൂ. ഭീകരപ്രവർത്തനങ്ങൾ ഇന്നു ലോകത്തെവിടെയും എല്ലാ രാഷ്ട്രങ്ങൾക്കും ഭീകരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്നത് ആശങ്കാജനകമാണ്. എല്ലാ രാജ്യങ്ങളും ഒരുമിച്ചു നിന്നു നേരിടേണ്ട ഒരു പ്രശ്നമാണത്. അടിസ്ഥാനപരമായി മനുഷ്യത്വം മരവിക്കുമ്പോഴാണ് ഭീകരത തലപൊക്കുന്നത്. മനുഷ്യത്വത്തിന്റെ വീണ്ടെടുപ്പിനായി നമുക്കു പ്രാർത്ഥിക്കാം. ചരിത്രത്തെ നിയന്ത്രിക്കുന്ന ദൈവത്തിൽ നമുക്കു നമ്മുടെ പ്രാർത്ഥനകളും പ്രതീക്ഷകളും അർപ്പിക്കാം.

അക്രമാസക്തരായിത്തീരുന്ന തെരുവു നായ്ക്കളുടെ പ്രശ്നം കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ ഒരു സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. മനുഷ്യരോട് എക്കാലത്തും ഏറെ കൂറും സ്നേഹവും വിശ്വസ്തതയും പുലർത്തിയിരുന്ന നായ്ക്കൾ എങ്ങനെ മനുഷ്യന്റെ ശത്രുവായി മാറി എന്നതിന്റെ കാരണങ്ങൾ കൂടി ഈ അവസ്ഥയിൽ നമ്മൾ വിലയിരുത്തേണ്ടതാണ്. പണ്ട് മനുഷ്യന്റെ വിശ്വസ്തരായ കാവൽക്കാർ ആയിരുന്നു നായ്ക്കൾ. വീടുകളിൽ പ്രായം ചെന്ന ആളുകൾ ശയ്യാവലംബികളായി കിടക്കുമ്പോൾ അവരുടെ കിടക്കയുടെ കീഴിൽ വീട്ടിലെ പട്ടി ഒരു കാവൽക്കാരനെപ്പോലെ കിടക്കുന്നുണ്ടാകും. തങ്ങൾ വളർത്തി വലുതാക്കിയ മക്കൾപോലും ഉപേക്ഷിച്ചുപോയാലും കൊടുത്ത ചോറിന്റെ നന്ദിയുമായി ആ പട്ടി തന്റെ യജമാനന്റെ വാർദ്ധക്യത്തിലും ഉപേക്ഷിച്ചു പോകാതെ കൂട്ടിനുണ്ടാകുമായിരുന്നു. മരണം വരെയും വിശ്വസ്തതയുടെ പര്യായമായി നായ്ക്കൾ കൂടെയുണ്ടായിരുന്നതിന്റെ എത്രയോ ദൃഷ്ടാന്തങ്ങൾ ചരിത്രത്തിലുണ്ട്. കാലം ചെയ്ത തോമസ് മാർ അത്താനാസ്യോസ് (14-ാം മാർത്തോമ്മ) കാലം ചെയ്തത് ഞങ്ങളുടെ മാരാമണ്ണുള്ള പാലക്കുന്നത്തെ കുടുംബവീട്ടിൽ വെച്ചായിരുന്നു. തിരുമേനിക്ക് ഒരു വളർത്തു പട്ടിയുണ്ടായിരുന്നു. പ്രതിസന്ധികളുടെ മധ്യത്തിലും പഴയ സെമിനാരിയിൽ നിന്നും ഇറങ്ങിപ്പോരുമ്പോഴും ആ പട്ടിയും തിരുമേനിയെ മാരാമണ്ണിലെ വീട്ടിലേക്കു അനുയാത്ര ചെയ്തിരുന്നു. തിരുമേനി കാലം ചെയ്തു. മാരാമൺ പള്ളിയിൽ കബറടക്കം നടത്തുന്നതിനായി തിരുമേനിയുടെ ഭൗതികശരീരം കുടുംബവീടിന്റെ കടവിൽ നിന്ന് പമ്പാ കടവിലേക്ക് കൊണ്ടുപോകുന്നതിനായി ഒരു വലിയ ചങ്ങാടം ക്രമീകരിച്ചിരുന്നു. തിരുമേനിയുടെ ഭൗതിക ശരീരം ചങ്ങാടത്തിൽ കയറ്റിയപ്പോൾ ആ പട്ടിയും ചങ്ങാടത്തിലേക്ക് ചാടിക്കയറി. മാരാമൺ പള്ളിയിൽ കബറടക്ക ശുശ്രൂഷ നടന്നു. കബറടക്കം കഴിഞ്ഞ് വേർപാടിന്റെ ദുഃഖം പേറി കണ്ണീരോടു കൂടി, കൂടിവന്ന ആയിരങ്ങൾ പിരിഞ്ഞുപോയി. എന്നാൽ ആ കല്ലറയുടെ സമീപത്തുനിന്നും ആ പട്ടി മാറിപ്പോയില്ല. അതവിടെ കിടന്നു. പിന്നെ പലരും കൂടിച്ചേർന്ന് വളരെ പണിപ്പെട്ടാണ് ആ പട്ടിയെ തിരികെ വീട്ടിലേക്കു കൊണ്ടുപോയത്. ഞാൻ പണ്ട് തിരുവനന്തപുരത്തും അടൂരും ആയിരുന്നപ്പോൾ ഡാഷ്ഹണ്ട് ഇനത്തിൽപെട്ട ഒരു വളർത്തു പട്ടിയുണ്ടായിരുന്നു. അതിനെ അരമനയിൽ സ്വതന്ത്രമായി അഴിച്ചുവിട്ടിരുന്നു. അരമനയിൽ അതിഥികളായി വരുന്നവർക്കൊന്നും അതൊരു ശല്യവും ചെയ്യുകയില്ലായിരുന്നു. എന്നാൽ അതിഥികളുമായി ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഇടയ്ക്കെങ്കിലും അതിനെ ഞാൻ ശ്രദ്ധിക്കുന്നില്ല എന്നു തോന്നിയാൽ വളരെ സ്വാതന്ത്ര്യത്തോടു കൂടി അതെന്റെ മടിയിലേക്കു ചാടിക്കയറി അതിന്റെ സ്ഥാനാവകാശം ഉറപ്പിക്കുമായിരുന്നു. അപ്പോൾ ഞാൻ അതിനെ ഒന്നു തലോടിയാൽ അതിന്റെ സന്തോഷവും നിർവൃതിയും അതു പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു. ഇത്തരത്തിലുള്ള അനുഭവങ്ങൾ അനേകർക്കും പറയുവാൻ ഉണ്ടാകും. എന്നാൽ നായ്ക്കൾ മനുഷ്യന്റെ സൈര്യജീവിതത്തിനു ഭീഷണിയായിത്തീർന്നതെങ്ങനെയാണ്? മനുഷ്യന്റെ സമീപനത്തിലും ജീവിതശൈലിയിലും വന്ന ചില മാറ്റങ്ങളാണ് പ്രധാന കാരണമായി കണ്ടെത്താൻ കഴിയുന്നത്. നമ്മുടെ നാട്ടിൽ ഫ്ളാറ്റുകളുടെ എണ്ണം പെരുകിയപ്പോൾ പലയിടത്തും മാലിന്യനിർമ്മാർജ്ജനത്തിനുള്ള സൗകര്യങ്ങൾ വേണ്ടത്ര ഉണ്ടായില്ല എന്നതൊരു യാഥാർത്ഥ്യമാണ്. പലരും അവരുടെ ഭക്ഷണത്തിന്റെ അവശിഷ്ടങ്ങളും മറ്റു അടുക്കള മാലിന്യങ്ങളും പൊതു വഴിയിൽ കൊണ്ടുവന്ന് ഒതുക്കത്തിൽ നിക്ഷേപിച്ചു പോകുന്ന സംസ്കാര ശൂന്യതയുടെ ഒരു ജീവിതശൈലി രൂപപ്പെടുത്തി. തെരുവിൽ മത്സ്യമാംസാദികളുടെ അവശിഷ്ടങ്ങൾ പെരുകിയപ്പോൾ തെരുവുനായ്ക്കൾ അവ ഭക്ഷിക്കാൻ

ഒത്തുകൂടുവാൻ തുടങ്ങി. തെരുവുനായ്ക്കളുടെ എണ്ണവും ക്രമാതീതമായി കൂടിയപ്പോൾ അവ ഇരതേടിച്ചെന്ന് കോഴി, താറാവ് തുടങ്ങിയവയെ കടിച്ചുകീറി ഭക്ഷിക്കുന്ന അവസ്ഥയിലേക്കു കാര്യങ്ങൾ നീങ്ങി. ഇതിനെത്തുടർന്നാണ് കുഞ്ഞുങ്ങളെയും വഴിയിലൂടെ നടക്കുന്ന പാവങ്ങളെയും കടിച്ചുകീറുന്ന പ്രവണത രൂപപ്പെട്ടത്. ഇതാണ് ഇപ്പോഴത്തെ സ്ഥിതിയിലേക്കു പ്രശ്നത്തെ കൊണ്ടുവന്ന് എത്തിച്ചത്. വന്ധ്യംകരണത്തിലൂടെ മാത്രം പ്രശ്നം പരിഹരിക്കുവാൻ കഴിയുമെന്ന് വിചാരിക്കാതെ തെരുവുനായ്ക്കൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ മൃഗസ്നേഹികളുടെ സഹകരണത്തിലോ പ്രത്യേകം ഷെൽട്ടറുകൾ അവയ്ക്കായി രൂപപ്പെടുത്തുവാൻ ശ്രമിക്കുന്നതാണ് പ്രായോഗികമായി ചെയ്യുവാൻ കഴിയുന്ന ഒരു പ്രധാന കാര്യം എന്നു ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. കേന്ദ്ര ഗവൺമെന്റും-സംസ്ഥാന ഗവൺമെന്റും ഇക്കാര്യത്തിൽ പരസ്പരം പോരാടുന്ന ശൈലി മാറ്റി കൂട്ടുത്തരവാദിത്വത്തോടുകൂടി പ്രവർത്തിച്ച് ജനങ്ങളുടെ സ്വൈര്യജീവിതം ഉറപ്പുവരുത്തണം.

ഈ കാലഘട്ടം പീഡനങ്ങളുടെ കാലമായി മാറിയിരിക്കുകയാണ്. കൊച്ചുകുട്ടികൾ മുതൽ വൃദ്ധജനങ്ങൾ വരെ പീഡിപ്പിക്കപ്പെടുന്നതിന്റെ വാർത്തകൾ അനുദിനം ചാനലുകളിലും വർത്തമാന പത്രങ്ങളിലും വന്നു നിറയുകയാണ്. ഇത്തരം പീഡകരെ കണ്ടെത്തി കർശനമായ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഇക്കാര്യത്തിൽ ഉദാസീനത പുലർത്തിയാൽ അതു പീഡനങ്ങൾക്കുള്ള പ്രോത്സാഹനമായി മാത്രമേ സമൂഹം കാണുകയുള്ളൂ. ഇക്കാര്യത്തിൽ ശക്തമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും പ്രതീക്ഷിക്കുന്നു.

നമ്മുടെയെല്ലാം അഭിമാനമായ സമാദരണീയനായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ജന്മശതാബ്ദി ആചരണത്തിന്റെ ഭാഗമായി ഭദ്രാസനങ്ങളിൽ വെച്ചു നടക്കുന്ന അനുമോദന സമ്മേളനങ്ങൾക്ക് കോട്ടയം-കൊച്ചി ഭദ്രാസനത്തിൽ തുടക്കം കുറിച്ചു. 2016 സെപ്റ്റംബർ 11-ാം തീയതി കോട്ടയത്തുവെച്ചു നമ്മുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ജസ്റ്റീസ് സിറിയക്ക് ജോസഫ്, മാർ അപ്രേം മെത്രാപ്പോലീത്ത, തോമസ് മാർ തിമോഥെയോസ് മെത്രാപ്പോലീത്ത, അഡ്വ. എം.പി. ഗോവിന്ദൻനായർ, ശ്രീ. തോമസ് ജേക്കബ് എന്നിവർ പ്രസംഗിച്ചു. വളരെ ക്രമീകൃതമായി നടന്ന സമ്മേളനത്തിൽ ആയിരങ്ങൾ പങ്കെടുത്ത് സാന്നിദ്ധ്യം കൊണ്ടും പങ്കാളിത്തം കൊണ്ടും അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനിയെ ഹൃദയപൂർവ്വം ആദരിച്ചു. ആയുസിന്റെ ഓരോ നിമിഷത്തെയും ധന്യമാക്കുന്ന ക്രിസോസ്റ്റം തിരുമേനിയുടെ ആയുരാരോഗ്യ സൗഖ്യത്തിനായി നമുക്കു പ്രാർത്ഥിക്കാം.

നമ്മുടെ ഒരു സഭാംഗമായ ബഹുമാനപ്പെട്ട ശ്രീ. സതീഷ് നൈനാൻ കേരള ഹൈക്കോടതിയിൽ ജഡ്ജിയായി നിയമിതനായി. മാർത്തോമ്മാ സഭാംഗങ്ങളായ 3 ഹൈക്കോടതി ജഡ്ജിമാരും ഒരു ഡിസ്ട്രിക്ട് ജഡ്ജിയും ഇന്ന് ജുഡീഷ്യറിയിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. നീതിബോധത്തോടുകൂടി ഭരണഘടനാനുസരണമായി തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനുള്ള കൃപയും പരിജ്ഞാനവും ലഭിക്കേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം.

2017 ഫെബ്രുവരിയിൽ നടക്കുവാൻ പോകുന്ന മാരാമൺ കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. ബ്രിട്ടനിലെ പ്രഭുസഭയിൽ അംഗമായ ലോർഡ് ഗ്രിഫിത്തും അദ്ദേഹത്തിന്റെ സഹധർമ്മിണിയും മാരാമണ്ണിൽ പങ്കെടുക്കാനായി എത്തുന്നുണ്ട്. ദക്ഷിണാഫ്രിക്കയിൽ നിന്നും അമേരിക്കയിൽ നിന്നുമുള്ള ചില പ്രഗത്ഭ പ്രസംഗകരും വന്നുചേരുന്നുണ്ട്.

ബധിര മൂക വിദ്യാർത്ഥികൾക്കായി കാസർകോഡ് നമ്മൾ ആരംഭിച്ച കോളേജിന്റെ അഫിലിയേഷൻ സംബന്ധിച്ചുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചു. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട അപര്യാപ്തതകൾ മൂലമാണ് അഫിലിയേഷനു പ്രശ്നം നേരിട്ടത്. ഇപ്പോൾ അതിനു പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ദുബായ് മാർത്തോമ്മാ ഇടവക നൽകിയ തക്കസമയത്തെ സാമ്പത്തിക സഹായത്തിനുള്ള അഭിനന്ദനം അറിയിക്കുന്നു. നമ്മുടെ നന്ദമുക്ക് യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്താനുള്ള അപേക്ഷ സമർപ്പിച്ചതിന്റെ വെളിച്ചത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രാഥമികമായ അന്വേഷണങ്ങൾ നടന്നിട്ടുണ്ട്. 900ൽ പരം വിദ്യാർത്ഥികൾ ഇപ്പോൾ ആ സ്കൂളിൽ പഠിക്കുന്നുണ്ട്. 95% ൽ കൂടുതൽ വിദ്യാർത്ഥികൾ മുസ്ലീം സമുദായത്തിൽ ഉൾപ്പെട്ടവരാണ്. ആ ദേശത്തു നന്ദമുക്ക് സ്കൂൾ നല്ല സാക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്നതുകൊണ്ടാണ് അവിടെ സ്കൂൾ പ്രവേശനത്തിനു വലിയ തിരക്ക് അനുഭവപ്പെടുന്നത് എന്നത് അഭിമാനകരമായ വസ്തുതയാണ്. ഹൈസ്കൂളായി അനുവദിച്ചു കിട്ടിയാൽ കൂടുതൽ കെട്ടിടങ്ങൾ ആവശ്യമായിവരും. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ താൽപര്യമുള്ള ഏവരുടെയും ഉദാരമായ സഹായസഹകരണങ്ങൾ ഇക്കാര്യത്തിൽ ഉണ്ടാവണമെന്ന് താൽപര്യപ്പെടുന്നു.

നമ്മുടെ പല Un economic സ്കൂളുകളും Economic ആയിത്തീർക്കുന്നതിനുള്ള തീവ്ര പരിശ്രമങ്ങൾ മാനേജ്മെന്റായി നടത്തിവരികയാണ്. ഇപ്പോൾ ശമ്പളം കിട്ടാതെ തന്നെ ധാരാളം അദ്ധ്യാപകർ നമ്മുടെ മാനേജ്മെന്റ് സ്കൂളുകളിൽ പ്രവർത്തിച്ചുവരികയാണ്. അവരുടെ ത്യാഗത്തെ എത്ര ആദരിച്ചാലും അഭിനന്ദിച്ചാലും അധികമാവില്ല. അവരെ ശമ്പളം കിട്ടുന്ന തസ്തികകളിൽ നിയമിക്കുന്നതിനുള്ള പരിശ്രമങ്ങൾ മാനേജ്മെന്റായി നടത്തിവരികയാണെന്ന് അറിയിക്കട്ടെ.

സഭയുടെ അംഗീകൃതസ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങുടെയും ഗൾഫ് ഇടവകകളുടെയും ചുമതലാ സ്ഥാനങ്ങൾ അടുത്ത എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പുവരെയുള്ള ക്രമീകരണത്തിന്റെ ഭാഗമായി പുനർക്രമീകരണം ചെയ്തിട്ടുള്ളതായി അറിയിക്കട്ടെ. ഭദ്രാസന ചുമതലക്കാർ അവരുടെ ഭദ്രാസന ബിഷപ്പിന്റെ നിയന്ത്രണത്തിൽ ഏൽപിക്കപ്പെട്ടിരിക്കുന്ന വിദേശ ഇടവകകളെ ഒരു വിഭവസമാഹരണ കേന്ദ്രമായി മാത്രം കരുതാതെ തദ്ദേശിയമായ ഇടവകകളുടെ പങ്കാളിത്തം കൂടുതലായി ഉറപ്പാക്കി പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. കൊട്ടാരക്കര-പുനലൂർ ഭദ്രാസനം ഇക്കാര്യത്തിൽ കാട്ടിയ മാതൃക അഭിനന്ദനാർഹവും അനുകരണീയവുമാണ്. പുതിയ ഭദ്രാസന രൂപീകരണവുമായി ബന്ധപ്പെട്ട് മൂന്നരക്കോടി രൂപാ തദ്ദേശിയമായ ഇടവകകളിൽ നിന്നും സമാഹരിച്ചശേഷമാണ് വിദേശ സമാഹരണത്തിനായി അവർ ശ്രമിച്ചത്. ഇക്കാര്യത്തിൽ ശ്രദ്ധേയമായ നേതൃത്വം നൽകിയ ഭദ്രാസന അദ്ധ്യക്ഷൻ ഡോ. യൂയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പാ തിരുമേനിയെയും ഭദ്രാസനത്തെയും പ്രത്യേകം അഭിനന്ദിക്കുന്നു. ആ ഭദ്രാസനത്തിൽ ഉൾപ്പെട്ട പുനലൂർ വി.ഓ.യു.പി. സ്കൂളിന് ബെസ്റ്റ് പി.റ്റി.എ.യ്ക്കുള്ള ഒരു സംസ്ഥാന അവാർഡ് ലഭിക്കുകയുണ്ടായി. നാലുലക്ഷം രൂപായും മെമെന്റോയും ലഭിച്ചു. തദ്ദേശിയമായ വിഭവസമാഹരണത്തിലൂടെ പി.റ്റി.എ.യുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളാണ് ഈ അവാർഡിന് അവരെ അർഹമാക്കിയത് എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

ഗൾഫിലെ ഇടവകകൾക്ക് ഒരുമയോടുകൂടി ഒത്തുചേരുന്നതിന് ഒരു കേന്ദ്രം സ്ഥാപിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഗൾഫിലെ ഇടവകകളിൽ നിന്നു ലഭിക്കുന്ന ധനസഹായം ഇപ്പോൾ ഓരോ ഭദ്രാസനത്തിനു മാത്രമായിട്ടാണ് പലപ്പോഴും പ്രയോജനപ്പെടുന്നത്. ഒരുമിച്ചൊരു വിഭവസമാഹരണ സംരംഭം ഉണ്ടായാൽ സഭയുടെ പൊതു ആവശ്യത്തിനും മാറിമാറി വിവിധ ഭദ്രാസനങ്ങൾക്കായും അതു പ്രയോജനപ്പെടുത്താൻ കഴിയും എന്നു കരുതുന്നു. കുവൈറ്റിലെ ഇടവകകൾക്കെല്ലാം കൂടി ഒരു പൊതു കേന്ദ്രം രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. സൗദി അറേബ്യയിലെയും ബഹറിനിലെയും ഇടവകകൾക്കു ഒരുമിച്ചു കൂടാനുള്ള ഒരു കേന്ദ്രം ബഹറിനിൽ രൂപപ്പെടുത്താനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട് എന്ന വിവരം അറിയിക്കട്ടെ.

ദക്ഷിണേന്ത്യാ സഭയുടെ സപ്തതിയുമായി ബന്ധപ്പെട്ട് ചെന്നൈയിൽ വച്ചു നടന്ന സമ്മേളനത്തിൽ പ്രത്യേക ക്ഷണപ്രകാരം പോയി പങ്കെടുത്തു. സഭാ സെക്രട്ടറി റവ. ഉമ്മൻ ഫിലിപ്പ് അച്ചനും അത്മായ ട്രസ്റ്റി അഡ്വ. പ്രകാശ് പി. തോമസും ആ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. കഴിഞ്ഞ ദശകങ്ങളിലെ ദക്ഷിണേന്ത്യാ സഭയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും ഭാവിയെക്കുറിച്ചുള്ള വലിയ സ്വപ്നങ്ങളോടുകൂടി വർത്തമാനകാലഘട്ടത്തെ പ്രയോജനപ്പെടുത്തുന്നതിനു സപ്തതി ആചരണം ഒരു മുഖാന്തരമായിത്തീരട്ടെ എന്നു ആശംസിക്കുന്നു.

ഒക്ടോബർ മാസത്തിലെ ധ്യാനത്തിലേക്ക് നാം പ്രവേശിക്കുന്നത് അത്മായരുടെ പൗരോഹിത്യം എന്ന ധ്യാനവിഷയത്തോടുകൂടിയാണ്. ഒക്ടോബർ 2 ഞായർ സന്നദ്ധസുവിശേഷ സംഘദിനമായും സഭ ആചരിക്കുന്നു. അത്മായ സമൂഹത്തെ രാജകീയ പുരോഹിത വർഗ്ഗത്തിന്റെ ഭാഗമായിത്തന്നെയാണ് വിശുദ്ധ വേദപുസ്തകം പ്രഖ്യാപിച്ചിട്ടുള്ളത്. 1 പത്രോസ് 2:9-ാം വാക്യത്തിൽ വളരെ വ്യക്തമായിട്ടാണ് അപ്പോസ്തലനായ വിശുദ്ധ പത്രോസ് ഈ വസ്തുത വ്യക്തമാക്കിയിട്ടുള്ളത് - “നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു”. സഭയുടെ പൗരോഹിത്യം മദ്ധ്യസ്ഥ പൗരോഹിത്യമല്ല. അതോടൊപ്പം തന്നെ അഹരോന്യ പൗരോഹിത്യവുമല്ല എന്ന് നാം ഓർക്കേണ്ടതാണ്. അഹരോന്യ പൗരോഹിത്യമല്ലാത്തതുകൊണ്ടാണ് മേൽപ്പട്ടക്കാർ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുമ്പോൾ പ്രത്യേകമായ ചെരുപ്പ് ഉപയോഗിക്കുന്നത്. നവീകരണത്തിന്റെ ആരംഭ കാലങ്ങളിൽ പട്ടക്കാരും അങ്ങനെ ഉപയോഗിച്ചിരുന്നു. ആരാധന പൂർണ്ണമാകുന്നത് നമ്മുടെ സഭയുടെ ദർശനത്തിൽ പട്ടക്കാരും അത്മായക്കാരും രാജകീയ പുരോഹിത വർഗ്ഗമായി ഒരുമിച്ച് പങ്കു ചേരുന്നതിലൂടെയാണ്. വിശുദ്ധ വിവാഹ ശുശ്രൂഷയിലെ ഒരു ഭാഗം നാം ഓർമ്മിപ്പിക്കുന്നു. “പൂർവ്വ വിശുദ്ധരെ വാഴ്ത്തിയ സർവ്വേശൻ ബഹുലമതാം തൻ കൃപയാലിവരെ” എന്നു ചൊല്ലി കുരിശു വരയ്ക്കുമ്പോൾ അത്മായ സമൂഹവും ചേർന്ന് “വാഴ്ത്തട്ടെ ദേവാ കൃപ ചെയ്യണമേ നീ” എന്ന് പ്രതിവാക്യമായി ചൊല്ലുമ്പോഴാണ് അത് പൂർണ്ണമാകുന്നത്. പട്ടക്കാരും ജനങ്ങളും ഒരുമിച്ചാണ് വാഴ്വുകൾ നേരുന്നത് എന്നുള്ളതിന്റെ ഒരു ദൃഷ്ടാന്തമാണിത്. അല്മായക്കാരിൽ നിന്ന് സഭ വിളിച്ച് വേർതിരിച്ച് ചില പ്രത്യേക ചുമതലകൾ നിർവ്വഹിക്കുവാൻ സഭ നിയോഗിക്കുന്നവർ മാത്രമാണ് പുരോഹിതർ. ഈ ദർശനം നാം വിട്ടുകളയരുത്. ഒക്ടോബർ 9 ഞായർ ഭിന്നശേഷിയുള്ളവരോടുള്ള കരുതൽ എന്ന വിഷയം ധ്യാനിക്കുന്ന ദിനമാണ്. പഴയനിയമത്തിൽ ആവർത്തനപുസ്തകത്തിൽ ചിലർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് പറയുന്നുണ്ടെങ്കിലും യെശയ്യാവിന്റെ പ്രവചനത്തിൽ മക്കളേക്കാൾ മുൻഗണന അവർക്ക് നൽകുന്നതായും നാം കാണുന്നുണ്ട്. ഭിന്നശേഷിയുള്ളവരേയും ഏല്ലാവരേയും ഉൾക്കൊള്ളുന്ന ഒരു വിശാലമായ ദർശനമാണ് പുതിയനിയമം സമ്മാനിക്കുന്നത്. വ്യത്യസ്ത കഴിവുകളുള്ളവരെ കർത്താവ് അംഗീകരിക്കുന്നുണ്ട്. ഏതെങ്കിലും ശേഷിയിൽ കുറവുള്ളവരെപ്പോലും സൗഖ്യമാക്കി ദൈവരാജ്യത്തിന്റെ ഭാഗമാക്കി ചേർക്കുന്നതാണ് കർത്താവു തന്റെ പരസ്യശുശ്രൂഷാവേളയിൽ സ്വീകരിച്ച പ്രവർത്തനശൈലി. ഊമനും ചെകിടനുമായവനേയും വരണ്ട കൈയ്യുള്ളവനേയും എല്ലാം കർത്താവ് സൗഖ്യമാക്കുന്നത് നമുക്ക് സുവിശേഷത്തിൽ ദർശിക്കാം. അപ്പോസ്തോല പ്രവൃത്തികളുടെ പുസ്തകത്തിൽ എത്യോപ്യക്കാരനായ ഷണ്ഡനോട് സുവിശേഷം അറിയിക്കാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഫിലിപ്പോസിനെ നിയോഗിക്കുന്നതായി നാം കാണുന്നു. ഇവിടെയെല്ലാം നാം കാണുന്നത് എല്ലാവരെയും ഉൾക്കൊള്ളുന്ന ദൈവസ്നേഹത്തിന്റെ അടയാളങ്ങളാണ്. യുവത്വം ക്രിസ്തുവിനോടൊത്ത് എന്ന ചിന്താവിഷയം ധ്യാനിച്ചുകൊണ്ടാണ് ഒക്ടോബർ 16 ഞായറാഴ്ച യുവജന ഞായറായി നാം ആചരിക്കുന്നത്. ശിഷ്യന്മാർ അവരുടെ യൗവ്വനവും ജീവിതം മുഴുവനും ക്രിസ്തുവിനോടൊത്ത് ധന്യമാക്കിയവരാണ്. ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നവനായി ദമസ്ക്കോസിലേക്ക് ഇറങ്ങിപ്പുറപ്പെട്ട ശൗൽ അവിടെവച്ച് ക്രിസ്തുവിന്റെ വിളി സ്വീകരിച്ച് പിന്നീട് തന്റെ യൗവ്വനം ക്രിസ്തുവിനായി വിട്ടുകൊടുക്കുകയായിരുന്നു. സ്തേഫാനോസിനെ കല്ലെറിയുമ്പോൾ കല്ലെറിയുന്നവരുടെ വസ്ത്രം കാത്തുനിന്ന ഒരു ശൗലാണ് ഇങ്ങനെ രൂപാന്തരപ്പെട്ട് ക്രിസ്തുവിന്റെ പക്ഷത്ത് ചേർന്ന് ക്രിസ്തുവിനുവേണ്ടി തന്റെ യൗവ്വനം ഒരു പാനീയ യാഗമായി അർപ്പിച്ചത് എന്ന് നാം ഓർക്കണം. ജീവിക്കുന്നു എങ്കിൽ ഞാൻ ക്രിസ്തുവിനായി ജീവിക്കുന്നു എന്ന് പ്രഖ്യാപിക്കുവാൻ തക്കവണ്ണം ജീവിതത്തിൽ പൗലോസ് മാനസാന്തരപ്പെട്ട് വളരുകയായിരുന്നു. ക്രിസ്തുവിനായി ഒരു പുതിയ ജീവിതം തുടങ്ങുന്നതിന്റെ പ്രതീകമായിട്ടാണ് എപ്പിസ്കോപ്പാമാരായി വാഴിക്കുമ്പോൾ പഴയ പേരിന് പകരം പുതിയ പേര് നല്കപ്പെടുന്നത്. ആ പേരിന്റെ അർത്ഥമുൾക്കൊണ്ട് പ്രവർത്തിക്കുവാനുള്ള വലിയ നിയോഗമാണ് അതിലൂടെ ലഭിക്കുന്നത്. നമ്മുടെ അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനി അതിനുള്ള നല്ല ഉദാഹരണമാണ്. ക്രിസോസ്റ്റം എന്ന പദത്തിന്റെ അർത്ഥം സുവർണ നാവുള്ളവനെന്നാണ്. തിരുമേനി അക്ഷരാർത്ഥത്തിൽ തന്നെ സുവർണ നാവുള്ളവനായി ക്രിസ്തുവിനോടൊത്ത് ജീവിച്ച് നമുക്ക് മാതൃകയാകുന്നു. ഒക്ടോബർ 23 ഞായർ ക്രിസ്തീയ കുടുംബപ്രതിഷ്ഠാദിനമായി നാം ആചരിക്കുന്നു. കുടുംബം വിശ്വാസരൂപീകരണത്തിനുള്ള ഇടം എന്നതാണ് അന്നത്തെ പ്രധാന ചിന്താവിഷയം. ഭവനത്തിൽ നിന്നും ലഭിച്ച നല്ല ആത്മീയ പരിശീലനം കൊണ്ടാണ് യേശുവിന് ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നു വരുവാൻ കഴിഞ്ഞത്. യേശുവിന്റെ കുടുംബമാണ് എല്ലാ ക്രിസ്തീയ കുടുംബങ്ങൾക്കും എക്കാലത്തേയും ഏറ്റവും നല്ല മാതൃക. ഇന്ന് ധാരാളം വികലതകൾ കുടുംബത്തിൽ കടന്നു കയറി സ്വയം തകരുന്ന ബാബേൽ ഗോപുരത്തിന്റെ ശൈലിയിലേക്ക് കുടുംബങ്ങളും വന്നു ചേരുന്നത് ഏറെ വേദനാജനകമാണ്. നല്ല കുടുംബങ്ങളാണ് ഒരു നല്ല സഭയെ രൂപപ്പെടുത്തുന്നത്. ഇക്കാര്യം നാം മറന്നുപോകരുത്. ഒക്ടോബർ 30 ഞായർ സഭാ ശുദ്ധീകരണദിനമാണ് (കൂദോശ് ഈത്തൊ). സഭ അതിന്റെ ദർശനങ്ങളിൽ എത്രത്തോളം നിലനില്ക്കുന്നു എന്നതിനെക്കുറിച്ച് ആത്മപരിശോധന നടത്തേണ്ട ഒരു സന്ദർഭം കൂടിയാണിത്. അന്നേദിവസം സഭ ധ്യാനിക്കുന്നത് വിശുദ്ധ യോഹന്നാന്റെ സുവിശേഷം 2:13-22 വരെയുള്ള വാക്യങ്ങളാണ്. ദൈവാലയ ശുദ്ധീകരണത്തെക്കുറിച്ച് പരാമർശിക്കുന്ന ഭാഗമാണിത്. യേശു യെരുശലേം ദൈവാലയം ശുദ്ധീകരിച്ച് നല്കിയ മുന്നറിയിപ്പ് “എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത്” എന്നാണ്. എക്കാലത്തെയും സഭയ്ക്കുള്ള പ്രബോധനമാണത്. ഈ ദർശനം ഉൾക്കൊണ്ട് വിശാലമായ ഒരു മാനവീകതയിലേക്ക് സഭ വളരേണ്ടിയിരിക്കുന്നു. കാലം ചെയ്ത ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്ത മാർത്തോമ്മാ സഭയെക്കുറിച്ച് നിർവ്വചിച്ചത് ഇപ്രകാരമാണ് - “തോമസ് അപ്പോസ്തലനാൽ സ്ഥാപിതമായതും വേദപുസ്തകാടിസ്ഥാനത്തിലുള്ളതും പൗരസ്ത്യ ആരാധനാരീതി പിന്തുടരുന്നതും എപ്പിസ്കോപ്പൽ പാരമ്പര്യമുള്ളതും ജനാധിപത്യ മൂല്യങ്ങളോടു കൂടിയതും എക്യുമെനിക്കൽ ദർശനമുള്ളതും ലോകമൊട്ടുക്ക് പരന്നുകിടക്കുന്നതുമായ സുവിശേഷ വിഹിത സഭയാണ് നമ്മുടെ മാർത്തോമ്മാ സഭ”. ഈ ദർശനം മങ്ങിപ്പോകുവാൻ ഇടയാകരുത്.

*“രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു. അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക”. (റോമ. 13:12)*

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പുലാത്തീൻ,
28-09-2016